**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **07-10-2024 - ൽ മറുപടിയ്ക്ക്**

**നെല്ലിന് താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ താങ്ങുവില നൽകി ഏറ്റെടുക്കുന്ന നെല്ലിന്റെ ഉടമകളായ നെൽകർഷകർക്ക് ഇവയുടെ പണം യഥാസമയം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.ആർ.എസ് പദ്ധതി പ്രകാരം നെല്ലിന്റെ വില കർഷകരുടെ പേരിൽ ലോണായി നൽകുകയും പലിശ സഹിതം സപ്ലൈകോ സമയബന്ധിതമായി തിരിച്ചടയ്ക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. പി.ആർ.എസ് വായ്പ പദ്ധതി പ്രകാരമാണ് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നത്.<br><br>കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ് വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. സർക്കാരിൽ നിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ് (PRS-Paddy Receipt Sheet) വായ്പ പദ്ധതി മുഖാന്തിരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. സാധാരണഗതിയിൽ കർഷകരിൽ നിന്ന് |

| | | | |
|---|---|---|---|
| | | | നെല്ല് സംഭരിച്ച സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മേൽപ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. 2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി. ആർ.എസ്. പദ്ധതി നടപ്പിലാക്കുന്ന ഏതെങ്കിലും ബാങ്കുകളിൽ കർഷകർക്ക് തുകകൾ കിട്ടുന്നതിൽ പ്രതിസന്ധികൾ എന്തെങ്കിലും ഉണ്ടാകുന്നപക്ഷം സമയബന്ധിതമായി ആയതിൽ ഇടപെട്ട് പരിഹരിക്കാറുള്ളതാണ്. 2023-24 സീസണിൽ 559362.353 MT നെല്ല് സംഭരിച്ചതിൽ നെല്ലിന്റെ വില 198755 കർഷകർക്ക് നൽകുന്നതിനായി 1584.11 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിരുന്നു. ആയതിൽ കർഷകർക്ക് നെല്ലിന്റെ വിലയായി 1575.22 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തു കഴിഞ്ഞു. ബാലൻസ് തുക കർഷകർക്ക് ബാങ്കിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംഭരണ നെല്ലിന്റെ വില നൽകുന്നതിന് സർക്കാർ രൂപീകരിച്ച ബാങ്ക് കൺസോർഷ്യത്തിൽ ഏതൊക്കെ ബാങ്കുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | 2024-25 സീസണിൽ കർഷകർക്ക്, നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച്, നെല്ലിന്റെ വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ ചർച്ച നടത്തിയിട്ടുള്ളതാണ്. |
| (സി) | നെല്ലിന് താങ്ങുവില നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എത്ര രൂപയാണ് സംസ്ഥാനത്തിന് നല്കാനുള്ളതെന്ന വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ; | (സി) | നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് 2017-18 കാലഘട്ടം മുതൽ 27/09/2024 വരെ ലഭിക്കുവാനുള്ള തുകയുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു |
| (ഡി) | സംഭരണവിലയായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത് എത്ര രൂപയാണെന്നും സംസ്ഥാനം നൽകി വരുന്നത് എത്ര രൂപയാണെന്നും കേന്ദ്രവിലയേക്കാൾ അധികതുക സംസ്ഥാനം എന്നു | (ഡി) | 2023-24 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP-Minimum Support Price) 21.83 രൂപയും, സംസ്ഥാന പ്രോത്സാഹന ബോണസ്(SIB-State Incentive Bonus) 6.37 രൂപയും, 0.12 പൈസ/Kg നിരക്കിൽ കൈകാര്യ ചെലവും ഉൾപ്പെടെ |

| | | | |
|---|---|---|---|
| | മുതലാണ് നൽകുന്നതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ഒരു കിലോ നെല്ലിന് കർഷകർക്ക് നൽകുന്ന വില 28.32 രൂപ ആണ്.<br><br>2024-25 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സർക്കാരിന്റെ 26/06/2024 തീയതിയിലെ 6-1/2024-MSP-ES നമ്പർ കത്ത് പ്രകാരം കേന്ദ്ര താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 23 രൂപയായി കേന്ദ്ര സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം I**</u>

| **സാമ്പത്തിക വർഷം** | **ക്ലെയിം തുക (cr)** | **അനുവദിച്ച തുക (cr)** | **കുടിശ്ശിക (Cr)** | **കേന്ദ്ര വിഹിതം ലഭ്യമാകാത്തതിനുള്ള കാരണങ്ങൾ** |
|---|---|---|---|---|
| 2017-18 | 742.68 | 736.31 | 6.37 | *നോർമൽ റിഡക്ഷൻ |
| 2018-19 | 538.2 | 531.66 | 6.54 | നോർമൽ റിഡക്ഷൻ |
| 2019-20 | 1221.76 | 1125.11 | 96.65 | 1. അധികമായി വിട്ടുഎടുത്ത ടൈഡ് ഓവർ ക്വാണ്ടിറ്റി ആയ 35074.316/MT ക്ലെയിം തുകയിൽ നിന്ന് Rs.82.54Cr കുറച്ചു.<br>2. Rs.14.11 cr നോർമൽ റിഡക്ഷൻ |
| 2020-21 | 1269.25 | 1254.15 | 15.10 | Rs. 15.10 cr നോർമൽ റിഡക്ഷൻ |
| 2021-22 | 1380.91 | 1349.02 | 31.89 | 1. ടൈഡ് ഓവർ ഇനത്തിൽ Rs.2600/MT നിരക്കിൽ 116197.51/MT ന് കുറച്ച തുക Rs.11.33 Cr<br>2. സപ്ലിമെന്ററി ബില്ല് സമർപ്പിച്ചപ്പോൾ ഉള്ള വ്യത്യാസം മൂലം കുറച്ച തുക Rs.4.31 Cr<br>3. Rs.16.25 Cr നോർമൽ റിഡക്ഷൻ |
| 2022-23 | 1491.64 | 1140.41 | 351.23 | 1. മേപ്പർ റിപ്പോർട്ട് പ്രകാരം phh സ്കീമിൽ അധികമായി വിതരണം നടത്തിയ 66028.93 MT ഝക്കത്തിന് തടഞ്ഞു വെച്ചിരിക്കുന്ന തുക - Rs 207.56 Cr<br>2. ടൈഡ് ഓവർ ഇനത്തിൽ അധിക തുക കൈപറ്റിയതിനാൽ Rs.2600/MT നിരക്കിൽ തടഞ്ഞുവെച്ചിരിക്കുന്ന തുക -Rs.31.26 Cr<br>3. ഓഡിറ്റഡ് അക്കൗണ്ട് ഹാജാരാക്കാത്തതിനാൽ അനുവദിച്ച തുകയുടെ 7 % ഒഴിവാക്കിയത് - Rs 85.84 cr<br>4. Rs 26.57 cr നോർമൽ റിഡക്ഷൻ |

| | | | | |
|---|---|---|---|---|
| 2023-24 | 1320.50 | 1183.8. | 136.7 | 1. ഓഡിറ്റഡ് അക്കൗണ്ട് ഹാജാരാക്കാത്തതിനാൽ അനുവദിച്ച തുകയുടെ 7 % ഒഴിവാക്കിയത് - Rs.62.14cr<br>2. ടൈഡ് ഓവർ ഇനത്തിൽ Rs.2600/MT നിരക്കിൽ 147599.674 MT ന് കുറച്ച തുക Rs. 38.38cr<br>2. മേപ്പർ റിപ്പോർട്ട് പ്രകാരം അധികമായി വിതരണം നടത്തിയ 3851.020/ MT ക്വാണ്ടിറ്റിക്ക് തടഞ്ഞു വെച്ചിരിക്കുന്ന തുക -Rs.13.96cr (*Rs. 3.26 cr received from FRK bill (Provisional bill )<br>3. FRK bill - (January 2024 to March 2024) Rs.13.39cr<br>4. Rs.12.09 cr നോർമൽ റിഡക്ഷൻ<br>* Rs. 55.42 cr received from Provisional bill Q4 |
| 2024-25 | 251.21 | 311.18 | (59.97) | * 251.21 is the provisional claim amount of Q1.<br>*Rs.59.97 cr received as Advance<br>*Q2 Advance bill submitted for 232.29cr is submitted |
| TOTAL | 8216.15 | 7631.64 | 584.51 | |

* നോർമൽ റിഡക്ഷൻ-ഓരോ സീസണിലേയും പദ്ധതി പൂർത്തീകരിച്ച ഓഡിറ്റ് ചെയ്ത് വിവരങ്ങൾ സമർപ്പിക്കുന്നത് വരെ തടഞ്ഞു വയ്ക്കുന്ന തുക.